**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 881** **30.10.2019-ൽ മറുപടിയ്ക്ക്**

**<u>വയലാർ അവാർഡ് നിർണ്ണയ സമിതി അദ്ധ്യക്ഷ സ്ഥാനം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.ഡി. സതീശൻ | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) വയലാർ അവാർഡ് നിർണ്ണയ സമിതി അദ്ധ്യക്ഷ സ്ഥാനത്ത് നിന്നും പ്രൊഫ. എം. കെ. സാനു രാജി വച്ചിട്ടുണ്ടോ; | എ) വയലാർ സ്മാരക ട്രസ്റ്റാണ് വയലാർ അവാർഡ് നൽകുന്നത്. അവാർഡ് നിർണ്ണയ സമിതി സർക്കാരുമായി ബന്ധപ്പെട്ടതല്ല. |
| ബി) കേരള സാഹിത്യ അക്കാദമിയെ പൂർണ്ണമായും രാഷ്ട്രീയവൽക്കരിച്ച സാഹചര്യമാണെന്നും ഇതിനാൽ നിഷ്പക്ഷമായി പുരസ്കാര നിർണ്ണയ സമിതികൾക്ക് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെന്നുമുള്ള അക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) മലയാള ഭാഷയും സാഹിത്യവും രാഷ്ട്രീയ കക്ഷികളുടെ പോഷകഘടകമായി മാറുന്നതായി പറയപ്പെടുന്ന അവസ്ഥ ഒഴിവാക്കി നിഷ്പക്ഷമായി അക്കാദമി പ്രവർത്തിക്കുന്നതിന് അനുവദിക്കുന്ന സാഹചര്യം സർക്കാർ തലത്തിൽ സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) നിഷ്പക്ഷമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സാഹിത്യ അക്കാദമി. സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ നിന്ന് വ്യതിചലിച്ച് പ്രവർത്തിക്കുന്നതിനുള്ള യാതൊരു ശ്രമങ്ങളും കേരള സാഹിത്യ അക്കാദമിയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ